**സബ്മിഷൻ**

(1) വനിതാപോലീസിന്റെ സേവനം

ശ്രീമതി ഗീതാ ഗോപി: സർ, ജില്ലയിലെ ഏറ്റവും വിസ്തൃതിയേറിയ സേവന പരിധികളുള്ളതും അഞ്ചോളം പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതുമാണ് അന്തിക്കാട് പോലീസ് സ്റ്റേഷൻ. ഈ സ്റ്റേഷനിൽ വനിതാപോലീസിന്റെ സേവനം ലഭ്യമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. വനിതാപോലീസിനായി അനുവദിച്ചിട്ടുള്ള അഞ്ച് തസ്തികകളിൽ രണ്ടുപേർ മാത്രം ജോയിൻ ചെയ്യുകയും അതിൽ ഒരാൾക്ക് ജനമൈത്രി പോലീസിന്റെ ഭാഗമായി ഡ്യൂട്ടി നൽകുകയും മറ്റൊരാൾ മെഡിക്കൽ ലീവിൽ പ്രവേശിച്ചിരിക്കുകയുമാണ്. വനിതാപോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് നിരവധി പ്രശ്നങ്ങൾ ഈ സ്റ്റേഷനിലുണ്ട്. അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വനിതാപോലീസിന്റെ സേവനം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ അംഗം ഉന്നയിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

തൃശ്ശൂർ റൂറൽ ജില്ലയിൽ പോലീസ് സേനയിൽ വനിതകൾക്കായി തൊണ്ണൂറ് തസ്തികകളുണ്ടെങ്കിലും 59 പേർ മാത്രമാണ് ജോലി നോക്കുന്നത്. എണ്ണത്തിലെ ഈ കുറവാണ് ജില്ലയിലെ എല്ലാ സ്റ്റേഷനുകളിലും പ്രതിഫലിക്കുന്നത്. അന്തിക്കാട് പോലീസ് സ്റ്റേഷനിലെ സ്ഥിതിയും വ്യത്യസ്തമല്ല. നിലവിൽ അഞ്ച് തസ്തികകളുള്ളതിൽ രണ്ടുപേർ മാത്രമാണ് ജോലി നോക്കിവരുന്നത്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഇരിങ്ങാലക്കുട വനിതാപോലീസ് സ്റ്റേഷനിൽനിന്നും പിങ്ക് പോലീസിൽനിന്നുമുള്ള വനിതാപോലീസുകാരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. അതോടൊപ്പം അന്തിക്കാട് പോലീസ് സ്റ്റേഷനിലെ വനിതാപോലീസിന്റെ ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം പോലീസ് മേധാവിക്ക് നൽകിയിട്ടുമുണ്ട്.

(2) <u>ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ന്യൂനപക്ഷ പദവി</u>

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഏകദേശം അഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് പോർച്ചുഗീസുകാരുടെ ആക്രമണത്താൽ ഗോവയിൽനിന്ന് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ഒരു സമുദായമാണ് ഗൗഡസാരസ്വത ബ്രാഹ്മണ സമുദായം. ഇവരുടെ സംസാര ഭാഷ കൊങ്കിണിയാണ്. പ്രസ്തുത സമുദായത്തെ ഭരണഘടന 30(1) പ്രകാരം ഭാഷാ ന്യൂനപക്ഷമായി

അംഗീകരിച്ചിട്ടുള്ളതാണ്. അവരുടെ ഭാഷയും സംസ്കാരവും പ്രത്യേകമായിട്ടുള്ള പാരമ്പര്യവും തനിമയുമൊക്കെ നിലനിർത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ടി.ഡി. മെഡിക്കൽ കോളേജ് ഗവൺമെന്റിന് അവർ നൽകിയതാണെന്നുള്ള കാര്യം നമുക്കറിയാം. ആതുര സേവന രംഗത്തും വിദ്യാഭ്യാസരംഗത്തുമുള്ള അവരുടെ ശ്രേഷ്ഠമായ പ്രവർത്തനങ്ങൾ ഏറെ പ്രകീർത്തിച്ചിട്ടുള്ളതാണ്. എന്നാൽ ഇവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നതായി അറിയില്ല. ഈ വിഭാഗത്തിൽപ്പെട്ട, രണ്ടായിരത്തോളം വരുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ അഡ്മിഷനിലും പരീക്ഷാ നടത്തിപ്പിലും ന്യൂനപക്ഷ വിഭാഗത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഇവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവിറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ അംഗം

ചൂണ്ടിക്കാണിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാം.+ കൊങ്കിണി ഭാഷയെ കേരള സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷയായി പ്രഖ്യാപിച്ചിട്ടില്ല. പതിനഞ്ച് ശതമാനത്തിന് മുകളിൽ ന്യൂനപക്ഷ ഭാഷ മാതൃഭാഷയായിട്ടുള്ളവരുണ്ടെങ്കിൽ മാത്രമേ ഗവൺമെന്റ് ഉത്തരവുകളും നടപടിക്രമങ്ങളും ന്യൂനപക്ഷ ഭാഷയിലും പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. കൊങ്കിണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവർ മൊത്തം ജനസംഖ്യയുടെ പതിനഞ്ച് ശതമാനമോ അതിലധികമോ താമസിക്കുന്ന ലോക്കൽ ഏരിയകൾ കേരളത്തിൽ നിലവിലില്ലാത്തതിനാൽ കേരളത്തിൽ കൊങ്കിണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല.

(3) <u>പ്രളയനാന്തരം അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യൽ</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ജൂൺ മാസമാകുമ്പോൾ മഴ വരുന്നത് പ്രമാണിച്ച് ചില മുൻകരുതലുകൾ എടുക്കുന്ന കാര്യമാണ് ഞാൻ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രദ്ധയിൽപ്പെടുത്തുന്നത്. കഴിഞ്ഞ രണ്ട് പ്രളയംമൂലം ഉണ്ടായിട്ടുള്ള മണലും ചെളിയും നമ്മുടെ 44 നദികളിലും വന്ന് നിറഞ്ഞിരിക്കുകയാണ്. തന്മൂലം ഇവിടെ ഡാമുകളും റിസർവ്വോയറുകളും മൂടിക്കിടക്കുകയാണ്. ഒരു ചെറിയ മഴ പെയ്താൽപ്പോലും വെള്ളം കരകവിഞ്ഞൊഴുകുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ 44 നദികളിലും അതിന്റെ കൈവഴികളിലും പ്രത്യേകിച്ച്, പെരിയാറിൽ, പെട്ടെന്നുതന്നെ മണലും ചെളിയും നീക്കം ചെയ്യണം. ഇത് ഗവൺമെന്റിന് വലിയ റവന്യൂ വരുമാനം ഉണ്ടാക്കാൻ സഹായിക്കും. ഇതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കണം. അതുപോലെതന്നെ, ജില്ലാതല ദുരന്ത ലഘൂകരണ നിധി രൂപീകരിക്കുകയും വെള്ളപ്പൊക്ക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം+. മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പന്ത്രണ്ട് ഡാമുകളിലെയും ആറ് റഗുലേറ്ററുകളിലെയും മണലും ചെളിയും നീക്കം ചെയ്യുന്നതിന് ഉത്തരവ്

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നൽകിക്കഴിഞ്ഞു. സംഭരണശേഷി വർദ്ധിപ്പിക്കാനതകംവിധം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള കുണ്ടള, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, പെരിങ്ങൽക്കുത്ത്, ലോവർ പെരിയാർ എന്നീ അണക്കെട്ടുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(4) പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നമ്മുടെ പോലീസ് സേനയിൽ 2015 മുതൽ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2018-ൽ ആത്മഹത്യ ചെയ്ത പോലീസുകാരുടെ എണ്ണം പതിനെട്ടായിരുന്നു. സമീപകാലത്ത് സ്വയം മരണം വരിച്ച പോലീസുകാരുടെ എണ്ണം അറുപത്തിയാറാണ്. പോലീസ് സേനയിലെതന്നെ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിലെ പോലീസുകാരുടെ ആത്മഹത്യാ നിരക്ക് 25.4 ശതമാനമാണ്. ദേശീയ ആത്മഹത്യാ നിരക്കായ 10.6 ശതമാനത്തിന്റെ ഇരട്ടിയിലധികമാണ് കേരളത്തിലെ പോലീസ് അത്മഹത്യകളുടെ എണ്ണം. പുറത്തുനിന്ന് നാം

നോക്കിക്കാണുന്നതുപോലെയുള്ള, അധികാരത്തിന്റെ ശീതളച്ഛായയല്ല പോലീസിന്റെ അകത്തളം. അവിടം വിവിധതരം കാലുഷ്യങ്ങളുടെ ഇടിമുറികളാണെന്ന് വെളിപ്പെടുത്തുകയാണ് ആത്മഹത്യ ചെയ്യുന്ന പോലീസുകാരുടെ എണ്ണം. അമിത ജോലിഭാരവും മേലുദ്യോഗസ്ഥന്മാരുടെ അധികാര പ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദങ്ങളാണ് പോലീസുകാരുടെ തൊഴിൽ മേഖല കലുഷിതമാക്കുന്നത്. ഇതിൽനിന്ന് മോചനം തേടി ചിലർ ലഹരിയിൽ അഭയം തേടുകയും ഇത് കുടുംബകലഹത്തിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. അവസാനം ഇതും ആത്മഹത്യയിൽ ചെന്നെത്തുന്നു. സമീപകാലത്തുണ്ടായ ഒരുപാട് സംഭവങ്ങൾ ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാനാകും. ജോലിസ്ഥലത്ത് മാനുഷികമായ ഒരു പരിഗണനയും കിട്ടുന്നില്ലെന്ന് മാത്രമല്ല, പലപ്പോഴും പരസ്യമായ അവഹേളനങ്ങൾക്കും കീഴ്ത്തട്ടുകാർ വിധേയരാകുകയും ചെയ്യുകയാണ്. മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം നിമിത്തം നിയമവിരുദ്ധ പ്രവൃത്തികൾ ചെയ്യാൻ നിർബന്ധിതരാകുകയും അവസാനം വിവാദമായാൽ അതിന്റെ ഉത്തരവാദിത്വം കീഴുദ്യോഗസ്ഥന്മാരുടെ തലയിൽ കെട്ടിവച്ച് മേലുദ്യോഗസ്ഥർ രക്ഷപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ നേരത്തേതന്നെ

ഉണ്ടെങ്കിലും സമീപകാലത്തായി ഇത് വർദ്ധിച്ചുവരികയാണ്. പോലീസ് സേനയിൽ, ആത്മഹത്യ ചെയ്യുന്നവരേക്കാൾ എത്രയോ മടങ്ങാണ് ജാതി-ലിംഗ വിവേചനങ്ങൾ താങ്ങാനാകാതെ ജോലി ഉപേക്ഷിക്കുന്നവരുടെ എണ്ണം. കണക്കുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഇതിന്റെയൊക്കെ അടിസ്ഥാന കാരണങ്ങൾ അന്വേഷിച്ചാൽ ചെന്നെത്തുക ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇനിയും ശാസ്ത്രീയമായി നവീകരിക്കാത്ത പോലീസിന്റെ പരിശീലന പദ്ധതികളിലേയ്ക്കായിരിക്കും. പോലീസ് സേനയുടെ തെരഞ്ഞെടുപ്പിൽ മാനസികാരോഗ്യം ഇന്നും ഒരു പരിശോധനാ വിഷയമല്ല. പരിശീലന കാലയളവിൽ ശാരീരിക ക്ഷമതയ്ക്ക് നൽകുന്നതുപോലുള്ള പ്രാധാന്യം മാനസിക ക്ഷമതയ്ക്ക് നൽകുന്നില്ല. സാഡിസത്തിന്റെ അനുഭവങ്ങളാണ് ട്രെയിനിംഗ് ക്യാമ്പുകൾ സംഭാവന ചെയ്യുന്നത്. അവിടെനിന്ന് പുറത്തുവരുന്നവർ പുറത്ത് മാത്രമല്ല, അകത്തും നിയമലംഘകരാകുന്നു എന്നതാണ് വർദ്ധിച്ചുവരുന്ന ആത്മഹത്യകളും പോലീസിലെ ക്രിമിനലിസവും വ്യക്തമാക്കുന്നത്. പോലീസ് സംവിധാനം പൊളിച്ചെഴുതേണ്ടതിന്റെ അനിവാര്യതയും ഇത് ചൂണ്ടിക്കാണിക്കുന്നു. ഈ സാഹചര്യത്തിൽ പോലീസ് സേന അനുഭവിക്കുന്ന ആന്തരിക സമ്മർദ്ദങ്ങളും അവയുടെ പരിഹാരങ്ങളും പഠിക്കുന്നതിന് പോലീസ്

സേനയ്ക്ക് പുറത്തുനിന്നുള്ള ഒരു കമ്മിറ്റിക്ക് രൂപം നൽകണമെന്ന നിർദ്ദേശങ്ങൾ ഇന്ന് പല കോണുകളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നിലപാട് സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ടേ മുക്കാൽ മിനിറ്റോളം എടുത്ത് ഉന്നയിച്ച സബ്മിഷന് ഞാൻ മാത്രം പിന്നെ മറുപടി പറയാതിരുന്നിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഞാൻ എഴുതിയതെല്ലാം പറയാം. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് കേട്ടുകൊണ്ടാണ് ഞാൻ ഓരോ വാചകത്തിൽ മറുപടി പറഞ്ഞിട്ട് സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നുവെന്ന് പറഞ്ഞത്. ഇതും അങ്ങനെതന്നെ ചെയ്താൽ മതിയോ അതോ വിശദമായി പറയണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അങ്ങയുടെ ഇഷ്ടം.

ശ്രീ. പിണറായി വിജയൻ: സർ, കേരളാ പോലീസ് സേനയിലെ അംഗങ്ങൾ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻ.സി.ആർ.ബി) 'ക്രൈം ഇന്ത്യ' പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കനുസരിച്ച് കേരളത്തിലെ പോലീസ്

ഉദ്യോഗസ്ഥരുടെ ആത്മഹത്യ നിരക്ക് കുറവാണെന്നാണ് ലഭിച്ച വിവരങ്ങൾ കാണിക്കുന്നത്. ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ടും കുടുംബപരമായ പ്രശ്നങ്ങൾ കാരണവും സേനയിലെ അംഗങ്ങൾക്കിടയിലുണ്ടായ മാനസിക വ്യഥകൾ നിമിത്തവുമാണ് ഇത്തരത്തിലുള്ള ചില സംഭവങ്ങൾ ഉണ്ടായത് എന്നും കണ്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുക എന്നത് പ്രധാനമാണ്. അനാവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും മാറ്റിനിർത്തിക്കൊണ്ടുള്ള പ്രൊഫഷണൽ സംവിധാനത്തിലൂടെ മാത്രമേ ഇക്കാര്യം സാധ്യമാകൂ. അതിനാവശ്യമായ നടപടികൾ എന്ന നിലയിൽ പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. പരിശീലനമൊക്കെ കാലോചിതമായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നുള്ളത് തന്നെയാണ് സർക്കാർ ഇക്കാര്യത്തിൽ കാണുന്നത്. വിശദവിവരം ഞാൻ സ്റ്റേറ്റ്മെന്റായി മേശപ്പുറത്ത് വയ്ക്കുന്നു+.

(5) ഭരണഘടനയുടെ ആമുഖം വായന

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ സംസ്ഥാനത്തെ സർക്കാർ,

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

എയ്ഡഡ്, അൺഎയ്ഡഡ് തുടങ്ങി എല്ലാ സ്കൂളുകളിലും രാജ്യത്തെ ഇന്നത്തെ പ്രത്യേക സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് രാവിലെ നടക്കുന്ന സ്കൂൾ അസംബ്ലിയിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിക്കാനുള്ള ഒരു നിർദ്ദേശം കൊടുക്കണമെന്നാണ് എന്റെ സബ്മിഷൻ. ഇപ്പോൾ ഭരണഘടനയ്ക്കെതിരെയുള്ള നടപടികളാണ് പലപ്പോഴും കേന്ദ്ര ഗവൺമെന്റിൽനിന്നുൾപ്പെടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു മുൻമന്ത്രിയടക്കം 'Secular' എന്ന പദം ആമുഖത്തിൽ നിന്ന് എടുത്തുകളയണമെന്നുവരെ പറയുകയുണ്ടായി. മാത്രമല്ല, 'FRATERNITY assuring the dignity of the individual....' വ്യക്തികളുടെ അന്തസ്സ് തകർക്കുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു സർക്കാർ കേന്ദ്രത്തിൽ ഭരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ഭരണഘടനയുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. ആ സാഹചര്യത്തിൽ നമ്മുടെ ഭരണഘടനയുടെ ആമുഖം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതിന് നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാർത്ഥികളിൽ ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് SCERT മുഖേന 2019-20 അക്കാദമിക് വർഷം 'നൈതികം' എന്ന പേരിൽ സ്കൂളുകളിൽ ഭരണഘടനയുടെ 70-ാം വാർഷികാഘോഷ പരിപാടികൾ വിപുലമായി സംഘടിപ്പിച്ചിരുന്നു. ഇതിനായി ഓരോ സ്കൂളിലും ഓരോ അദ്ധ്യാപകനെ നൈതികം കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തി. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും മൂല്യങ്ങളും തിരിച്ചറിയാനും അതനുസരിച്ച് നിലപാടുകൾ സ്വീകരിക്കാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഈ പദ്ധതി വിദ്യാർത്ഥികൾക്ക് അവസരം നൽകി. ഇതിന്റെ തുടർച്ചയായി ഭരണഘടനയുടെ മാതൃകയിൽ സ്കൂളുകൾ അവരവരുടെ വിദ്യാലയ ഭരണഘടനകൾ തയ്യാറാക്കി. ക്ലാസ് സഭകൾ, സ്കൂൾ സംവാദ സദസ്സുകൾ തുടങ്ങി വിവിധ ഭരണഘടനാ പഠന പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ തയ്യാറാക്കപ്പെട്ട ഭരണഘടനകളിൽ മികച്ച സ്കൂൾ ഭരണഘടനകൾക്ക് വിവിധ തലങ്ങളിൽ സമ്മാനങ്ങൾ നൽകി. റിപ്പബ്ലിക് ദിനത്തിൽ എല്ലാ സ്കൂൾ അസംബ്ലികളിലും ഭരണഘടനയുടെ ആമുഖം സ്കൂൾ

ലീഡർ വായിച്ച് കൊടുക്കുകയും മറ്റുള്ളവർ ഏറ്റുചൊല്ലുകയും ചെയ്തു. ജനുവരി 27-നും ഇതേ തരത്തിൽ തുടർന്നു. ജനുവരി 28, 29 തീയതികളിൽ സ്കൂളുകളിൽ നിർമ്മിച്ച ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി ചർച്ചകൾ സംഘടിപ്പിച്ചു. ജനുവരി 30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിക്ടേഴ്സ് ചാനലിലൂടെ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഭരണഘടനാ സന്ദേശം നൽകി. കേവലമായ വായനയ്ക്കപ്പുറം ഭരണഘടനാ മൂല്യങ്ങൾ മനസ്സിൽ ഉറപ്പിക്കുന്ന രീതിയിലുള്ള വിവിധ പ്രവർത്തനങ്ങളോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നൈതികം പരിപാടി തുടരുന്നു.

(6) <u>മുതല മൂർഖൻകടവ് തൂക്കുപാലം</u>

<u>ശ്രീ. പി. കെ. ശശി</u>: സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ തൂതപ്പുഴയ്ക്ക് കുറുകെ കുറ്റാനശ്ശേരി പ്രദേശത്തെയും ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലമാണ് മുതല മൂർഖൻകടവ് തൂക്കുപാലം. സംസ്ഥാനത്ത് സ്കൂൾ കുട്ടികളുൾപ്പെടെ 72-ഓളം ആളുകൾ പുഴയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ സാഹചര്യത്തിൽ ഇത്തരം അപകടം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ 2011 നവംബറിൽ ഗവൺമെന്റ് ഉത്തരവുപ്രകാരം നമ്മുടെ സംസ്ഥാനത്ത് 30 തൂക്കുപാലങ്ങൾ നിർമ്മിച്ചതിൽ

ഒന്നാണ് മുതല മൂർഖൻകടവ് തൂക്കുപാലം. ഈ പാലം നിർമ്മിച്ചതിനുശേഷം ഇതിന്റെ മേൽനോട്ടവും ചുമതലയും ഒരു വകുപ്പിനെയോ പഞ്ചായത്തിനെയോ ഏൽപ്പിക്കുകയുണ്ടായില്ല. ഇതുമൂലം കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടന്നിട്ടില്ല. 2018-ലെ കനത്ത മഴയിലും പ്രളയത്തിലും ഈ പാലത്തിന് കാര്യമായ കേടുപാടുകൾ സംഭവിച്ച് ഗതാഗതയോഗ്യമല്ലാതായി. കരിമ്പുഴ പ്രദേശത്തെ ആളുകൾ നിത്യവും ആശ്രയിക്കുന്ന റേഷൻ കട, ആയുർവേദ ഡിസ്പെൻസറി എന്നിവ പുഴയുടെ ഇക്കരയാണ്. നൂറുകണക്കിന് കുട്ടികൾ ഈ പാലത്തിലൂടെ സഞ്ചരിച്ചാണ് കുറ്റാനശ്ശേരി യു.പി. സ്കൂളിലേയ്ക്കും ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്കും വന്നുപോകുന്നത്. ഈ പാലം തകർന്നതോടെ നാല് കിലോമീറ്റർ ചുറ്റിവരേണ്ട സാഹചര്യമാണ് ഇപ്പോൾ അവർക്കുള്ളത്. പല ആളുകളും സാഹസികമായി പുഴ മുറിച്ച് കടന്ന് യാത്ര ചെയ്യുന്നു. ഇത് വലിയ അപകട സാധ്യതയാണ് സൃഷ്ടിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ നൂറുകണക്കിനാളുകൾ ദിവസേന ആശ്രയിക്കുന്ന ഈ പാലം അടിയന്തരമായി ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി നവംബർ മാസം 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റവന്യൂ വകുപ്പുമന്ത്രിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ

പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഈ പ്രവൃത്തി ഉടൻ നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മുതല മൂർഖൻകടവ് ഇക്കുപാലം ദുരന്ത നിവാരണ വകുപ്പിൽ നിന്നുള്ള ഉത്തരവുപ്രകാരം നിർമ്മാണം നടത്തി എന്നുള്ളത് ശരിയാണ്. എന്നാൽ യഥാർത്ഥത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് പാലങ്ങളുടെ പുനർനിർമ്മാണം അനുവദനീയമല്ല. അതിന് നിലവിലുള്ള സ്ഥിതി അനുസരിച്ച് യാതൊരു തരത്തിലും സാധ്യമല്ലാത്തതാണ്. എന്നാൽ അതേ സമയം ഈ പറയുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(7) വരൾച്ച നേരിടാൻ നടപടി

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പല കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുടെയും റിപ്പോർട്ടനുസരിച്ച് കേരളത്തിൽ മാത്രമല്ല ലോകത്തൊട്ടാകെ

തന്നെ വലിയ വരൾച്ച വരികയാണ്. കൊല്ലം ജില്ലയിൽതന്നെ പല പഞ്ചായത്തുകളിലും വെള്ളം കൊടുക്കാനുള്ള സംവിധാനങ്ങൾ കുറഞ്ഞുവരികയാണെന്നത് ഡി.ഡി.സി. (District Development Council) മീറ്റിംഗുകൾ കൂടുമ്പോൾതന്നെ മനസ്സിലാകുന്നതാണ്. കേരളത്തിലെ ഏറ്റവും വരൾച്ചയുള്ള ജില്ലകളിൽ ഒന്ന് കൊല്ലമാണ്. എനിക്ക് ഒറ്റകാര്യമാണ് പറയാനുള്ളത്, ഇതിനെ മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ പ്രധാനപ്പെട്ട റവന്യൂ, ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി., വൈദ്യുതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ചേർന്ന് അവിടെ മണ്ഡലാടിസ്ഥാനത്തിലെങ്കിലും യോഗങ്ങൾ നടത്തി ഒരു ക്രമീകരണമുണ്ടാക്കി നമ്മുടെ ജലസ്രോതസ്സുകൾ നിലനിർത്താനും ഉള്ളത് നമുക്ക് വീണ്ടെടുക്കാൻ കഴിയുന്ന സംവിധാനമുണ്ടാക്കാനും നടപ്പാക്കേണ്ട നടപടികളെക്കുറിച്ച് ഒരു ആലോചന നടത്താനും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിന് അങ്ങ് നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യം തീർച്ചയായും ആലോചിക്കാവുന്നതാണ്. പക്ഷേ 2016-ലാണ് വരൾച്ച ഒരു ദുരന്തമായി

സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ചിരുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് 2017-ൽ ഇറക്കിയ പുതിയ നിർദ്ദേശമനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ എവിടെയും കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അതിന്റെ വിശദാംശങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. 2019-ലെ വേനൽ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഇറക്കിയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വമേധയാ മുൻകയ്യെടുത്ത് വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനം ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ വാട്ടർ അതോറിറ്റി ഉൾപ്പെടെ ജലവിഭവ വകുപ്പും ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ക്രോഡീകരിച്ചുകൊണ്ട് വരൾച്ച ബാധിത പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കാവുന്നതാണ്.

(8) <u>കരമന-വെള്ളറട റോഡ് നിർമ്മാണം</u>

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, സംസ്ഥാന റോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി 2012-ൽ പ്രഖ്യാപിച്ചതാണ് 35.5 കിലോമീറ്റർ ദൈർഘ്യമുള്ള കരമന-വെള്ളറട റോഡ്. തിരുവനന്തപുരം നഗരത്തെ നിർദ്ദിഷ്ട

മലയോര ദേശീയപാതയുമായും തമിഴ്നാട് അതിർത്തിയുമായും ബന്ധിപ്പിക്കുന്നതാണ് കരമന-വെള്ളറട റോഡ്. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിന് സമയദൈർഘ്യവും ദൂരദൈർഘ്യവും കുറയ്ക്കാനുതകുന്ന ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഐ. ബി. സതീഷ് ഉന്നയിച്ച അദ്ദേഹത്തിന്റെ മണ്ഡലത്തിൽക്കൂടിയുള്ള ഈ റോഡിന്റെ നിർമ്മാണം ഏകദേശം എട്ട് വർഷം പഴക്കമുള്ള ഒരു പരിപാടിയാണ്. അതിന് 21.44 കോടി രൂപ ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് നൽകുകയും നോട്ടിഫിക്കേഷൻ ഇറക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠനവും പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടത്തെ എം.എൽ.എ.-ആയ ശ്രീ. ഐ. ബി. സതീഷ് ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ യോഗത്തിൽ വച്ച് രണ്ട് ഘട്ടങ്ങളിലായി പണി പൂർത്തിയാക്കാൻ തീരുമാനമെടുത്തതായി കാണുന്നുണ്ട്. എക്സ്പെർട്ട് കമ്മിറ്റി സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ട്.

പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗം കരമന-വെള്ളറട റോഡിന്റെ എസ്റ്റിമേറ്റ് തുക 22.53 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി ഇത് നിർമ്മിക്കുന്ന ഏജൻസിയായിട്ടുള്ള Road Infrastructure Company Kerala Limited (RICK)-ന്റെ ഓഫീസിൽ കഴിഞ്ഞ വർഷം നവംബർ അഞ്ചാം തീയതി കൊടുത്തിട്ടുണ്ട്. ഡി.പി.ആർ. നൽകുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിൽ സജീവമായിട്ടുണ്ട്. സാങ്കേതികാനുമതിയും ധനകാര്യാനുമതിയും ലഭിച്ചാലുടനെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പറയാനുള്ളത്.

(9) ഗുരുവായൂർ-തിരുനാവായ റെയിൽപാത

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട ആവശ്യമാണ് ഗുരുവായൂർ-തിരുനാവായ റെയിൽവേ പാത. നമ്മുടെ വടക്കോട്ടുള്ള റെയിൽവേ ലൈൻ സ്ഥാപിതമായാൽ കേരളത്തിൽ കൂടുതൽ ട്രെയിനുകൾ ഓടിക്കാനും അതുവഴി നമ്മുടെ റെയിൽ ഗതാഗതരംഗത്ത് വലിയ മാറ്റമുണ്ടാക്കാനും സാധിക്കും. തൃശ്ശൂർ ജില്ലയിൽ അലൈൻമെന്റ് ഏറെക്കുറേ പൂർത്തീകരിച്ചുകഴിഞ്ഞു. ഏകദേശം രണ്ടേമുക്കാൽ

പതിറ്റാണ്ടായി അവിടെ ലാൻഡ് ഫ്രീസ് ചെയ്തിരിക്കുകയാണ്. അവിടത്തെ ആളുകളെ സംബന്ധിച്ച് സ്ഥലം ഏറ്റെടുക്കാത്തതുകൊണ്ട് അവർക്ക് ക്രയവിക്രയങ്ങൾ നടത്താനോ ബാങ്ക് ലോണിനോ വീട് നിർമ്മിക്കാനോ കഴിയുന്നില്ല. അങ്ങനെയുള്ള പ്രശ്നം നിലനിൽക്കുകയാണ്. പക്ഷേ, മലപ്പുറം ജില്ലയിൽ ഇതുവരെ അലൈൻമെന്റ് പൂർണ്ണമായിട്ട് നടത്തുകയോ ചെയ്തിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തൃശ്ശൂരിലും മലപ്പുറത്തും പൂർത്തീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിലുള്ള സ്ഥിതിയെന്താണെന്നും അടിയന്തരമായി നടപടി പൂർത്തീകരിച്ച് ഗുരുവായൂർ-തിരുനാവായ റെയിൽപാത യാഥാർത്ഥ്യമാക്കണമെന്ന ആവശ്യവുമാണ് സഭ മുമ്പാകെ എനിക്ക് അവതരിപ്പിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഉന്നയിച്ച പ്രശ്നത്തിൽ 1995-1996-ലെ റെയിൽവേ ബഡ്ജറ്റിലാണ് 30.8 കി.മീറ്റർ ദൈർഘ്യമുള്ള ഗുരുവായൂർ-തിരുനാവായ പാതയുടെ 17.4 കി.മീറ്റർ തൃശ്ശൂർ ജില്ലയിലും 21.8 കി.മീറ്റർ മലപ്പുറം ജില്ലയിലുമായിട്ട് നിർമ്മിക്കാൻ തീരുമാനിച്ചത്. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കി.മീറ്റർ ദൂരത്തിന്റെ ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ

ഏറ്റെടുക്കേണ്ട പതിനെട്ടര ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമേ റെയിൽവേയ്ക്ക് കൈമാറാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിന് ജനങ്ങളുടെ ശക്തമായ എതിർപ്പാണ് കാരണം. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. സർവ്വേ നടപടിക്കാവശ്യമായ പോലീസ് സംരക്ഷണം ലഭ്യമാക്കാൻ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജനങ്ങളിൽനിന്നുള്ള എതിർപ്പ് ഇപ്പോഴും നിലനിൽക്കുകയാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും ഈ പദ്ധതി ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ബഡ്ജറ്റിൽ വിഭാവന ചെയ്തുപോലെ റെയിൽവേതന്നെ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുത്തിട്ടില്ല. അവിടത്തെ ജനപ്രതിനിധികളും കളക്ടറുമൊക്കെ ചേർന്ന് ചർച്ച ചെയ്ത് ഭൂമിയെടുക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കുമെന്ന് കരുതുന്നു. അത് പരിഹരിക്കാതെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റിന് കേരളത്തോടുള്ള ദയാശൂന്യമായ, അകാരണമായ, അടിസ്ഥാന രഹിതമായ അവഗണനയ്ക്ക് എന്ത് മരുന്നാണുള്ളത്. തമിഴ്നാടിന് 2400 കോടി രൂപ നൽകിയെന്ന് ഇന്ന് കേരള കൗമുദി പത്രം റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. നമുക്ക് വെറും 162 കോടി രൂപയാണ് നൽകിയത്. ഇതാണ് സ്ഥിതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നെയുംകൂട്ടി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ നേരിട്ട് കണ്ട് ഈ പ്രശ്നം റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയലിനോട് സംസാരിച്ചു. സംസാരിക്കാത്തതുകൊണ്ടാണോ? ദേശീയ പാത ഇതുവരെ തുടങ്ങിയിട്ടില്ലായെന്ന് എല്ലാവർക്കും അറിയാമല്ലോ? അത് അവരുടെ അവഗണന കാരണമാണ്. എങ്കിലും മെമ്പർ പറഞ്ഞതുപോലെ നമ്മൾ ശക്തമായിട്ട് ഈ പ്രശ്നം ഉന്നയിച്ചുകൊണ്ടേയിരിക്കും. ആ അവഗണന മാറണം. ഇവിടത്തെ കാര്യങ്ങളിലുൾപ്പെടുന്ന ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതൊക്കെ നമ്മൾ ചെയ്യണം. എല്ലായിടത്തും ഭൂമിയുടെ പ്രശ്നം വലുതാണ്. ഇത് കേന്ദ്രത്തിന്റെ അവഗണനയുടെ ഫലമായിട്ടാണ് സുപ്രധാനമായ ഈ റെയിൽവേ പാതയ്ക്ക് അവർ അനുമതി നൽകാത്തത്. നമുക്ക് അതിനുവേണ്ടി മുന്നോട്ടുപോകാം.

(10) <u>തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മാണം</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, തിരൂരിലെ അപകടകരമായ നിലവിലുള്ള താഴെപാലം പൊളിച്ചുകഴിഞ്ഞാൽ കോഴിക്കോട്-തിരൂർ ബന്ധം പാടെ

തകർന്നുപോകുമെന്നുള്ളതുകൊണ്ടാണ് അതിന് ബദലായി അടിയന്തരമായി സമാന്തര പാലത്തിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചത്. അതിനുവേണ്ട പണമെടുത്തു, പാലം പണി കഴിഞ്ഞു, അതിനുശേഷം ടെണ്ടർ ചെയ്ത് പണി നടക്കുന്നതിനിടയ്ക്ക് വലതുഭാഗത്ത് ഒരു കൈവരി വച്ചാൽ മാത്രമേ കുറച്ചുകൂടി വീതി കിട്ടുകയുള്ളൂവെന്നും അതിന് ആറ് സെന്റ് ഭൂമികൂടി വേണമെന്നും പറഞ്ഞു. തൊട്ടടുത്തെ സ്ഥലമുടമ അതിന് തയ്യാറാകുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. പിന്നാലെ റവന്യൂ വകുപ്പിന് ടെണ്ടർ സബ്മിഷനും കൊടുത്തു. അങ്ങനെ ഇത് ലാഗ് ചെയ്തുപോകുകയായിരുന്നു. ഇപ്പോൾ എല്ലാം ഏകദേശം ശരിയായി, പണവും റെഡിയായി, പണിചെയ്യാനുള്ള ഉത്തരവുമായി. ഇനി ആ സ്ഥലത്ത് പണി ആരംഭിച്ചാൽ മാത്രം മതി. അത് വല്ലാതെ ലാഗ് ചെയ്തുപോകുന്നുണ്ട്. കഴിഞ്ഞ ദിവസം കളക്ടറോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, Government Pleader (GP)-ന്റെ ഒരു ഒപ്പീനിയൻ കിട്ടാനുണ്ടായിരുന്നു അതും കിട്ടി അതുപ്രകാരം ഇനി സ്ഥലം വാങ്ങി പണി ചെയ്യാമെന്നാണ്. അങ്ങനെ സ്ഥലം വാങ്ങുന്ന ഘട്ടത്തിൽ, GP-യുടെ ഒപ്പീനിയനും കിട്ടിയ സാഹചര്യത്തിൽ, കോൺട്രാക്ടർ തയ്യാറായി നിൽക്കുന്നതുകൊണ്ട് ലാഗ് ചെയ്തുപോകാതെ ഒരു മാസം കൊണ്ടുതന്നെ പണി പൂർത്തിയാക്കാൻവേണ്ടി അങ്ങ് പി.ഡബ്ല്യൂ.ഡി.

വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകി നടപടിയാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. സി. മമ്മൂട്ടിയുടെ ഈ ഉപക്ഷേപം, തിരൂർ താഴെപാലത്തിന് സമാന്തരമായി തിരൂർ സമാന്തര താഴെപാലം അപ്രോച്ച് റോഡിന്റെ പണി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാലത്തിന്റെ ഒരു വശത്ത് നടപ്പാത നിർമ്മിക്കേണ്ടതിനാൽ ആറ് സെന്റ് സ്ഥലം ഡയറക്ട് പർച്ചേസിലൂടെ വിലയ്ക്കെടുത്ത് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിനാവശ്യമായ ഫണ്ടും നൽകിയിട്ടുണ്ട്. തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. സ്ഥലമേറ്റെടുക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുംവേണ്ടിയുള്ള നടപടികൾ തിരൂർ എം.എൽ.എ.-യും തഹസീൽദാറും അടക്കം സ്വീകരിച്ചിട്ടുണ്ട്. ആയതിനോട് ആധാരങ്ങളുടെ നിയമാഭിപ്രായങ്ങൾ ലഭിക്കുന്നതിന് ഗവൺമെന്റ് പ്ലീഡർക്ക് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡറിൽനിന്നും ഉപദേശം കിട്ടിയിട്ടില്ല. അടിയന്തരമായി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്, വീണ്ടും ആവശ്യപ്പെടുന്നതാണ്. ലഭ്യമായാലുടൻ

ഉടമയിൽനിന്നും ആധാരം രജിസ്റ്റർ ചെയ്ത് സ്ഥലം ലഭ്യമാക്കി പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. പ്രവൃത്തി വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകും.

ശ്രീ. സി. മമ്മൂട്ടി: സർ, മൂന്ന് ദിവസം മുമ്പ് ഗവൺമെന്റ് പ്ലീഡർ ഉപദേശം നൽകികഴിഞ്ഞു.

ശ്രീ. ജി. സുധാകരൻ: എന്നാൽ പ്രശ്നമില്ല. ഭൂമി രജിസ്റ്റർ ചെയ്തുകൊടുക്കാൻ സാധിക്കും.

(11) വരയന്നൂർ അക്വഡക്ടിന്റെ പുനർനിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: സർ, 2018-ലെ മഹാപ്രളയത്തിൽ തകർന്ന വരയന്നൂർ അക്വഡക്ട് പുനർനിർമ്മിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. നമുക്കറിയാം, പമ്പാ ഇറിഗേഷൻ പ്രോജക്ട് പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഇരുപത്തി ഒന്നായിരത്തിലധികം ഹെക്ടർ കൃഷി ഭൂമിയെ കൃഷിയോഗ്യമാക്കുന്നതും ലക്ഷക്കണക്കിന് ആളുകൾക്ക് ഈ വരൾച്ചാ സമയത്ത് കുടിവെള്ളമെത്തിക്കുന്നതുമായ പ്രോജക്ടാണ്. പമ്പാ ഇറിഗേഷൻ പ്രോജക്ടിൽ കോയിപ്രം പഞ്ചായത്തിൽ പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ച് കനാലിന്റെ ഭാഗമായിട്ടാണ് വരയന്നൂർ അക്വഡക്ടുള്ളത്. പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ച്

കനാലിന് ആറേമുക്കാൽ കി.മീറ്റർ നീളമുണ്ട്. ഏതാണ്ട് 292 ഹെക്ടർ കൃഷി ഭൂമിയെ ഇറിഗേറ്റ് ചെയ്യുന്നതും ഈ കനാലാണ്. പക്ഷേ ആയക്കട്ട് ഏരിയയുടെ തുടക്കത്തിലാണ് അക്വഡക്ട് സ്ഥിതി ചെയ്യുന്നത് എന്നുള്ളതുകൊണ്ട് ഈ കനാലിലൂടെ ഇപ്പോൾ വെള്ളം വിടാൻ സാധ്യമാകുന്നില്ല. ആയിരകണക്കിന് ആളുകൾക്ക് കുടിവെള്ളമില്ല. അതുമാത്രമല്ല, കൃഷിയോഗ്യമാക്കിയ തരിശ്ശുപാടങ്ങളിൽ ഈ വർഷം കൃഷി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ വരൾച്ചാസമയത്ത് ഇത് പുനർനിർമ്മിക്കുന്നത് ഒരു വലിയ പദ്ധതിയാണെങ്കിലും അതിനൊരു ബദൽ സംവിധാനമെങ്കിലും ഏർപ്പെടുത്തിക്കൊണ്ട് ഈ പ്രദേശത്തെ ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും കൃഷി നടത്തുന്നതിനുമുള്ള അടിയന്തര സംവിധാനം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പത്തനംതിട്ടയിലെ കോയിപ്രം പഞ്ചായത്തിലൂടെ കടന്നുപോകുന്ന പമ്പാ ജലസേചന പദ്ധതി വലതുകര കനാലിന്റെ ചെയിനേജ് 8500 മീറ്ററിൽ തുടങ്ങുന്ന പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 1000 മീറ്റർ മുതൽ 1220 മീറ്റർ വരെയുള്ള വരയന്നൂർ അക്വഡക്ട് 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. അത് പുതുക്കി

പണിയുന്നതിലേയ്ക്കായി 190 ലക്ഷം രൂപയുടെ വിശദമായ പദ്ധതിരേഖ റീ-ബിൽഡ് കേരളയിൽ സമർപ്പിച്ചിരുന്നു. എന്നാൽ 15-11-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 145 ലക്ഷം രൂപയ്ക്ക് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നു. പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് മുഴുവൻ തുകയും ആവശ്യമായതിനാൽ പുതുക്കിയ അനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തരമായി എന്താണ് ചെയ്യാൻ കഴിയുകയെന്ന് എം.എൽ.എ.-യുമായി കൂടിയാലോചിച്ച് തീരുമാനിക്കാം.

(12) <u>ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറ്റം</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, എറണാകുളം ജില്ലയിലെ തിരക്കേറിയ രണ്ടാമത്തെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥിതി ചെയ്യുന്നത് പെരുമ്പാവൂർ ആർ.റ്റി.ഓഫീസിലാണ്. ഈ ഓഫീസ് മുപ്പത് വർഷങ്ങൾകൊണ്ട് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഴയ കെട്ടിടമായതിനാൽ പരിമിതികൾ വളരെ കുറവാണ്. ഇവിടത്തെ പ്രശ്നം, ഈ ഓഫീസിന് പുതിയ കെട്ടിടം പണിയണമെങ്കിൽ ഭൂമി ആവശ്യമാണ്. കെട്ടിടം

പണിയാനുള്ള തുക എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും നൽകാമെന്ന് ഞാൻ അറിയിച്ചിട്ടുണ്ട്. പെരിയാർവാലിയുടെ ഏഴ് ഏക്കർ സ്ഥലം അവിടെയുണ്ട്. ഒരേക്കർ പത്ത് സെന്റ് സ്ഥലം ആർ.റ്റി. ഓഫീസിനുവേണ്ടി നൽകിക്കഴിഞ്ഞാൽ എല്ലാ സൗകര്യങ്ങളോടും കൂടിയ മനോഹരമായ കെട്ടിടം അവിടെ പണിയാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട അപേക്ഷ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ പെരിയാർവാലിയുടെ ചീഫ് എഞ്ചിനീയറുടെ മുമ്പിലുണ്ട്. മന്ത്രിയുടെ മുമ്പിൽ ഈ ഫയൽ വന്നപ്പോൾ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ആ സമയത്ത് അവിടെ സോളാർ പദ്ധതി നടപ്പിലാക്കാൻ കഴിയുമോയെന്ന് അന്വേഷിച്ച് ഫയൽ തിരിച്ചയച്ചു. അവിടെ വൃക്ഷങ്ങൾ നിൽക്കുന്നതിനാൽ സോളാർ പദ്ധതി നടപ്പാക്കാൻ കഴിയില്ല. ഈ സ്ഥലത്ത് റീജിയണൽ ഓഫീസ് പണിതുകഴിഞ്ഞാൽ ആ കെട്ടിടത്തിനുമുകളിൽ വേണമെങ്കിൽ സോളാർ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. വാഹനങ്ങളുടെ ടെസ്റ്റിംഗ് നടത്താൻവേണ്ടി ഒരു ടെസ്റ്റിംഗ് യാർഡ് ഇല്ല, ഫിറ്റ്നസ് പരിശോധന, ലേണേഴ്സ് ടെസ്റ്റ് എന്നിവ നടത്താനും സാധിക്കുന്നില്ല. ഇങ്ങനെ ധാരാളം പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പെരിയാർവാലിയുടെ ഒരേക്കർ പത്ത് സെന്റ് സ്ഥലം ട്രാൻസ്പോർട്ട്

ബ്ലോക്കിനുവേണ്ടി വിട്ടുനൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പെരുമ്പാവൂർ പട്ടാലിലുള്ള പി.വി.ഐ.പി. കോമ്പൗണ്ടിൽ ആലുവ പെരുമ്പാവൂർ റോഡിന്റെ തെക്കുവശത്ത് കിടക്കുന്ന ഒരേക്കർ പത്ത് സെന്റ് സ്ഥലം മോട്ടോർ വാഹന വകുപ്പ് ആവശ്യപ്പെട്ടുകയുണ്ടായി. പെരുമ്പാവൂർ വില്ലേജ് ബ്ലോക്ക് 132 സർവ്വെ നമ്പർ 6-ൽ കിടക്കുന്ന ടി സ്ഥലത്ത് ഒരു മെക്കാനിക്കൽ സബ് ഡിവിഷൻ ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥലം ജനസേചന വകുപ്പിന് ഭാവിയിൽ ആവശ്യമായി വരുമോയെന്ന കാര്യം പരിശോധിച്ച് സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറണമെന്ന ആവശ്യത്തിൽ ഉടനെ തീരുമാനം എടുക്കുന്നതാണ്. പടിഞ്ഞാറ് വശം പി.വി.ഐ.പി. ജീവനക്കാരുടെ ക്വാട്ടേഴ്സ് ഉള്ളതിനാൽ അവരുടെ സുരക്ഷയും സ്വകാര്യതയും നിലനിർത്തുന്നതിന് അതിന്റെ അതിർത്തി തിരിച്ച് മതിൽകെട്ടി വേർതിരിക്കണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

## (13) തൊഴിൽ നിയമങ്ങൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ രാജ്യത്ത് നിലവിലുള്ള

തൊഴിൽ നിയമങ്ങൾ ഭരണ ഘടനാപരമായ അവകാശങ്ങളിൽനിന്ന് ഉടലെടുത്തതാണ്. ഭരണഘടനയുടെ അദ്ധ്യായം 3-ലെ മൗലികാവകാശങ്ങളാണ് തൊഴിൽ നിയമങ്ങളുടെ അടിത്തറ. അനുച്ഛേദം 14-ൽ പ്രതിപാദിച്ചിട്ടുള്ള സമത്വം, അനുച്ഛേദം 19-ൽ പ്രതിപാദിച്ചിട്ടുള്ള സ്വാതന്ത്ര്യം, 23-ലും 24-ലും പറഞ്ഞിട്ടുള്ള ചൂഷണത്തിനെതിരായുള്ള അവകാശങ്ങൾ തുടങ്ങിയവ ഭരണഘടനയിൽ അടിവരയിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളുംകൊണ്ട് തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ ഓരോന്നായി കേന്ദ്ര സർക്കാർ കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യാനന്തരം പാർലമെന്റ് പാസ്സാക്കിയ നാൽപ്പത്തിനാല് നിയമങ്ങളിൽ തൊഴിലാളി വിരുദ്ധ ഭേദഗതികൾ ഉൾപ്പെടുത്തി നാല് നിയമങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി സന്തോഷ് കുമാർ ഗങ്വാർ അവതരിപ്പിച്ച ബില്ലിൽ നാല് നിയമങ്ങളാണുള്ളത്. വേജ് കോഡ്, കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, ഇൻഡസ്ട്രിയൽ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ, കോഡ് ഓൺ ഒക്യുപേഷൻ. ഇതിലെല്ലാം

തൊഴിലാളി വിരുദ്ധ സമീപനങ്ങളാണുള്ളത്. ലോകമാകെ അംഗീകരിച്ചിട്ടുള്ള എട്ട് മണിക്കൂർ ജോലി സമയം, ജോലിക്കിടയിൽ ഇടവേള നൽകി പന്ത്രണ്ട് മണിക്കൂറായി ഉയർത്താൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കോർപ്പറേറ്റ് മുതലാളിമാർ ഇത് ദുരുപയോഗം ചെയ്യുമെന്നുള്ളതിൽ ആർക്കും തർക്കമില്ല. എട്ട് മണിക്കൂർ ജോലി എട്ട് മണിക്കൂർ വിശ്രമം എട്ട് മണിക്കൂർ വിനോദമെന്ന് ലോകം അംഗീകരിച്ച തൊഴിലാളികളുടെ അവകാശംപോലും രാജ്യത്ത് പഴങ്കഥയായി മാറുകയാണ്. തൊഴിലാളികളെ കൂലി അടിമകളാക്കി മാറ്റുവാനുള്ള മോദി സർക്കാരിന്റെ നീക്കം തൊഴിലാളി വർഗ്ഗത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഈ കരിനിയമങ്ങൾക്കെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാനുള്ള നീക്കങ്ങൾ നടത്തണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള കോഡുകൾ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉയർത്തുന്ന പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമാണ്. തൊഴിൽ നിയമങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തുന്ന തൊഴിലാളികൾക്ക് ദോഷകരമായ

ഭേദഗതികളിന്മേൽ നിയമത്തിന്റെ പരിതിക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ, നിയമ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇടപെടുകയും അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കുന്ന അവസരത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തൊഴിലാളി താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പുതിയ ലേബർ കോഡുകൾ പ്രാവർത്തികമാക്കുന്നതടക്കം തൊഴിൽ മേഖലയിൽ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി ഉടലെടുത്തിട്ടുള്ള പ്രതിസന്ധിക്കെതിരെ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിൽ അതിശക്തമായ പ്രതിരോധ സമരങ്ങൾ രാജ്യത്ത് നടന്നുവരികയാണ്. ആ പൊതുവികാരം തന്നെയാണ് ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനുള്ളത്. ഓരോ കോഡിന്റെയും വിശദാംശങ്ങൾ ഞാനിവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. സമയക്കുറവുകാരണം ഞാനത് വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുന്നു. ഓരോ കോഡിലും ഗവൺമെന്റ് എടുക്കുന്ന നിലപാടുകളെ സംബന്ധിച്ചിടത്തോളവും ഇതിനകത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഈ പേപ്പർ മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർക്കുന്നു.

(14) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. എം. സി. കമറുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്ത് താലൂക്ക് പ്രഖ്യാപിക്കപ്പെട്ടിട്ട് വർഷങ്ങളായി. എന്നാൽ അവിടെ ഒരു മിനി സിവിൽ സ്റ്റേഷനോ താലൂക്കാശുപത്രിയോ അനുബന്ധ സ്ഥാപനങ്ങളോ കൊണ്ടുവരുന്നതിനുവേണ്ടി യാതൊരു നടപടിയും ഇതുവരെയും സ്വീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരേ സമയം പ്രഖ്യാപിക്കപ്പെട്ട മറ്റ് താലൂക്കുകളിലെല്ലാം ഇതുമായി ബന്ധപ്പെട്ട് പല സ്ഥാപനങ്ങളും പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. അതിലൊന്നാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്. ഇതുസംബന്ധിച്ച് ഞാൻ എം.എൽ.എ. ആയ ഉടനെതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചിരുന്നു. അടുത്ത ബഡ്ജറ്റിന്റെ സമയമാകുമ്പോൾ മെമ്പർ എഴുതികൊടുക്കണമെന്നും ബഡ്ജറ്റിൽ പ്രഖ്യാപനത്തിൽ ഇത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലോ ബഡ്ജറ്റിലോ ഇപ്രാവശ്യവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനെക്കുറിച്ചൊന്നും സൂചിപ്പിച്ചിട്ടില്ല. അതിനുള്ള പണം വകയിരുത്തുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അത് ഉണ്ടായിട്ടില്ല.

ആയതിനാൽ മറുപടി പ്രസംഗത്തിലെങ്കിലും ദയവായി ഇത് ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിരവധി വാഹനങ്ങളുള്ള പ്രദേശമെന്ന നിലയിൽ, ഈ സ്ഥാപനം അവിടെ വന്നാൽ വാഹനങ്ങളുടെ രജിസ്ട്രേഷനെല്ലാം നല്ലനിലയിൽ നടക്കും. അതിനുവേണ്ടി പരിശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., എം. സി. കമറുദ്ദീൻ ഇവിടെ സൂചിപ്പിച്ചതുപോലെ, മഞ്ചേശ്വരം താലൂക്കിലൊരു സബ് ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് ഒരു ശിപാർശ മോട്ടോർ വാഹന വകുപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ആ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ശുഭോതർക്കമായ ഒരു നിലപാട് തന്നെയാണ് സർക്കാർ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളത്. അത് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15) ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ

ശ്രീ. ഒ. രാജഗോപാൽ: സർ, ലോകപ്രശസ്തമായിട്ടുള്ള വനിതകളുടെ ഒരു കൂട്ടായ്മയാണ് ആറ്റുകാൽ പൊങ്കാല. അത് ഈ വരുന്ന മാർച്ച് മാസം ഒൻപതാം തീയതിയാണ്. ധാരാളം സ്ത്രീകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഒത്തുകൂടുന്ന അവസരത്തിൽ, അവർക്ക് പ്രാഥമികമായ ആവശ്യങ്ങൾക്കുവേണ്ട (കുളിക്കാനും മറ്റ് സൗകര്യങ്ങൾക്കുള്ള) സൗകര്യങ്ങൾ മുമ്പ് ചെയ്തുകൊണ്ടിരുന്നു. എന്നാൽ ആ വിഷയത്തിൽ ഈ പ്രാവശ്യം ഒരു പ്രശ്നം ഉണ്ടായിട്ടുള്ളത്, കഴിഞ്ഞ പ്രാവശ്യം ചെയ്തതിന്റെ പണം ഇതുവരെ നൽകിയിട്ടില്ലായെന്നാണ് മുമ്പ് അത് ചെയ്തിരുന്ന കോൺട്രാക്ടർമാർ പറയുന്നത്. ആയതിനാൽ ഇപ്രാവശ്യം അതിൽ വലിയൊരു ആശങ്ക ഉണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കഴിഞ്ഞ പ്രാവശ്യത്തെ കാശ് കൊടുത്ത് പരമ്പരാഗതമായ രീതിയിൽ ശുചിമുറികളും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കി സ്ത്രീകൾക്ക് ഉണ്ടാകുന്ന വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കി ആറ്റുകാൽ പൊങ്കാല ഭംഗിയായി നടത്താൻ സഹായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കായി 3,14,13,250/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്ലാൻ ശീർഷകത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അത് നിർവ്വഹിക്കണമെന്ന് തീരുമാനിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ കളക്ടർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള പ്രസ്തുത ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 6,22,95,000/- രൂപ ലഭ്യമാക്കിയിരുന്നു. എന്നാൽ 31-03-2019-വരെ ഈ ശീർഷകത്തിൽനിന്ന് 2,53,71,705/- രൂപ മാത്രമേ വിതരണം ചെയ്യാൻ ജില്ലാ കളക്ടർക്ക് സാധിച്ചിട്ടുള്ളൂ. തുടർന്ന് വീണ്ടും സംഖ്യ ആവശ്യപ്പെട്ട് 30-08-2019-ൽ കത്ത് നൽകി. അതിൻപ്രകാരം 80 ലക്ഷം രൂപ അനുവദിച്ചു. 75 ലക്ഷമാണ് ആവശ്യപ്പെട്ടിരുന്നത്. തുടർന്ന്, രണ്ടാമത് 23-10-2019-ലെ കത്ത് പ്രകാരം 1,25,44,230/- രൂപയുടെ ബില്ലുകൾകൂടി ലഭ്യമായതായി അറിയിച്ചു. ആ സംഖ്യയും അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തു. ആറ്റുകാൽ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് 25 സ്വീവേജ് വർക്കുകൾ ഉണ്ടായിരുന്നു.

അതിൽ 19 വർക്കുകളുടെ തുകയായ 60,01,707/- രൂപ 31-01-2020-ൽ മാറ്റിനൽകിയിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് വർക്കുകളുടെ തുകയായ 4,45,438/- രൂപ ഈ പറഞ്ഞ സംഖ്യയിൽത്തന്നെ വിതരണം ചെയ്യാൻ കളക്ടറുടെ കൈവശം ഡെപ്പോസിറ്റുണ്ട്. ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടാകില്ല. ഈ വിഷയത്തിൽ സർക്കാർ ഇടപെട്ട് ഉടൻതന്നെ പരിഹാരം കാണാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

(16) <u>റെസ്റ്റ് ഹൗസ് നിർമ്മാണം</u>

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വെഞ്ഞാറമൂട്ടിൽ ഒരു പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് 2018-ൽ 2 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 18.0186 സെന്റ് ഭൂമിയാണ് കെട്ടിടം നിർമ്മിക്കാൻവേണ്ടി വിട്ടുകൊടുക്കാൻ തീരുമാനിച്ചത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച്, ഗ്രാമവികസന കമ്മീഷണറോട് അഭ്യർത്ഥിക്കുകയും തുടർന്ന് ആ ഫയൽ അഡീഷണൽ ചീഫ് സെക്രട്ടറി മുഖാന്തരം വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് എത്തുകയും പ്രിൻസിപ്പൽ സെക്രട്ടറി മേൽനടപടിക്കുവേണ്ടി ജില്ലാകളക്ടറെ

ചുമതലപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷമായി അനുവദിക്കപ്പെട്ട ഒരു കെട്ടിടമാണ്. എന്നാൽ എൽ.എസ്.ജി.ഡി., എൻ.ഒ.സി. കൊടുക്കാത്തതുകൊണ്ട് ഇതുവരെയും കെട്ടിടനിർമ്മാണം ആരംഭിക്കാനായിട്ടില്ല. അടിയന്തരമായി ഇടപെട്ട് എൻ.ഒ.സി. ലഭ്യമാകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിന്റെ അധീനതയിലല്ലാത്തതുകൊണ്ട് വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാണ്. നിരാക്ഷേപപത്രം കിട്ടുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട ഡി. കെ. മുരളി എം.എൽ.എ, ഉന്നയിച്ച ഈ വിഷയം, പ്രസ്തുത ഭൂമി വില്ലേജ് രേഖകൾ പ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് തുടർ നടപടികൾ സ്വീകരിക്കാൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(17) പാക്വയി പാലം പുനർനിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ പ്രളയത്തിൽ ഏറെ നാശം

സംഭവിച്ച ഒരു മണ്ഡലമാണ് നാദാപുരം. അതിന്റെ ഭാഗമായി ഒട്ടേറെ റോഡുകളും പാലങ്ങളും തകർന്നിരുന്നു. നരിപ്പറ്റ, വാണിമേൽ റോഡുകളെ ബന്ധിപ്പിക്കുന്ന പാക്വയി പാലം കഴിഞ്ഞ പ്രളയത്തിൽ പാടെ ഒലിച്ചുപോയി. ഇന്ന് കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് വിദ്യാലയങ്ങളിലേയ്ക്കോ ആശുപത്രികളിലേയ്ക്കോ തുടങ്ങിയ ലക്ഷ്യസ്ഥാനങ്ങളിലേയ്ക്ക് എത്താൻ അഞ്ചും എട്ടും കിലോമീറ്റർ വഴിമാറി യാത്ര ചെയ്യേണ്ടുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഒരു പാലം പുനർനിർമ്മിക്കാൻവേണ്ടുന്ന നടപടികൾ ഉണ്ടാകണം. ലോക്കൽ ബോഡി എഞ്ചിനീയർമാർ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ അടുത്തേയ്ക്ക് എത്തിച്ചുകഴിഞ്ഞിട്ടുണ്ട്. 2.70 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. യുദ്ധകാലാടിസ്ഥാനത്തിൽ ആ പാലം നിർമ്മിക്കാൻവേണ്ടുന്ന നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. ഇ. കെ. വിജയൻ ഉന്നയിച്ച, വാണിമേൽ

പഞ്ചായത്തിൽ പ്രളയത്തിൽ തകർന്ന പാക്വയി പാലം പുനർനിർമ്മിക്കുന്നതിൽ 270 ലക്ഷം രൂപയുടെ ഡി.പി.ആർ. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. അടിയന്തരമായി ഇടപെട്ടുകൊണ്ട് നടപടി സ്വീകരിക്കും. എസ്റ്റിമേറ്റ് പരിശോധിച്ച് പ്രസ്തുത പാലം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി വളരെ പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

(18)<u>പാർപ്പിട പ്രശ്നം</u>

<u>ശ്രീ. കെ. ബാബു</u>: സർ, ആലപ്പുഴ ജില്ലയോളം വലിപ്പവും അട്ടപ്പാടിയോളം വരുന്ന ഭൂമിയുടെ വിസ്തൃതിയുള്ള പറമ്പിക്കുളം മേഖലയിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 157 വീടുകളാണ് എസ്.സി/എസ്.റ്റി വകുപ്പ് അനുവദിച്ചത്. കടുവാ സങ്കേതമായതുകൊണ്ട് പല കാരണങ്ങൾ പറഞ്ഞ് വീട് നിർമ്മാണത്തിനാവശ്യമായ പണികൾ ആരംഭിക്കാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. എർത്ത് ഡാം കോളനിയിൽ 36 പുതിയ വീടുകളാണ് അനുവദിച്ചതെങ്കിലും ഒരു വീടിന്റെ നിർമ്മാണപ്രവർത്തനംപോലും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതുമാത്രമല്ല, കടവുകോളനിയിൽ നിലവിൽ 68 കുടുംബങ്ങളാണുള്ളത്, 50

വീടുകളാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ടുതന്നെ അവർക്കാവശ്യമായ രൂപത്തിലുള്ള ഭൂമിയോ വീടോ വയ്ക്കാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുകയാണ്. ഇതേ അവസ്ഥതന്നെയാണ് സുങ്കം കോളനിയിലും. അവിടെ 115 കുടുംബങ്ങളുണ്ട്. 90 വീടുകൾ മാത്രമാണുള്ളത്. പറമ്പിക്കുളം ഡാം പണി ആരംഭിക്കുമ്പോൾ മാറ്റി പാർപ്പിക്കപ്പെട്ട ഇത്തരം ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനാവശ്യമായ ഭൂമി അനുവദിക്കുന്നതിനും നിലവിൽ അനുവദിക്കപ്പെട്ട വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുമാവശ്യമായ ഉന്നതതലത്തിലുള്ള ഒരു യോഗം അടിയന്തരമായി പറമ്പിക്കുളത്ത് വിളിച്ചുചേർക്കണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിലെ എർത്ത് ഡാം കോളനിയിലെയും കടവുകോളനിയിലെയും പാർപ്പിട പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. എർത്ത് ഡാം കോളനിയിൽ കാടർ വിഭാഗത്തിൽപ്പെട്ട

47 കുടുംബങ്ങളിലായി 147 പേർ താമസിച്ചുവരുന്നു. 2016-17 വർഷത്തെ HUDCO ഭവനനിർമ്മാണ പദ്ധതിയിൽ 38 കുടുംബങ്ങൾക്കുള്ള ഒന്നാംഗഡു അനുവദിച്ചിട്ടുണ്ട്. പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി നിലവിൽ താമസിക്കുന്ന വീടുകൾ പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതുവരെ ടി കുടുംബങ്ങൾക്ക് കോളനിയോട് ചേർന്ന വനപ്രദേശത്തുതന്നെ താൽക്കാലികമായി താമസ സൗകര്യം ഒരുക്കുന്നതിന് ധനവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. പറമ്പിക്കുളം ഡാം നിർമ്മാണ സമയത്ത് ഡാമിന്റെ വൃഷ്ടിപ്രദേശത്ത് താമസിച്ചിരുന്ന കുടുംബങ്ങളെയാണ് കടവുകോളനിയിലേയ്ക്ക് മാറ്റി പാർപ്പിച്ചത്. ഇവിടെ മലശ്ശർ, കാടർ വിഭാഗത്തിൽപ്പെട്ട 69 കുടുംബങ്ങളിലായി 155 പേർ താമസിക്കുന്നുണ്ട്. ടി കുടുംബങ്ങൾക്ക് നാമമാത്രമായ ഭൂമി മാത്രമേ കൈവശമുള്ളൂ. ഇവർക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം വീട് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതിമൂലം വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണ്. വനാവകാശ നിയമപ്രകാരം 49 കുടുംബങ്ങൾക്ക് 0.7425 ഹെക്ടർ ഭൂമി അനുവദിച്ച് കൈവശ രേഖ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമപ്രകാരം കൂടുതൽ സ്ഥലം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം

ആവശ്യപ്പെട്ടതുപോലെ പറമ്പിക്കുളം ടൈഗർ റിസർവ് പദ്ധതിയിലുൾപ്പെട്ട എല്ലാ പട്ടികവർഗ്ഗ കോളനികളിലും സമഗ്രമായ വികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഉന്നതതലയോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(19) <u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന് 2013-ലാണ് തറക്കല്ലിട്ടത്. ഈ മെഡിക്കൽ കോളേജ് എപ്പോൾ യാഥാർത്ഥ്യമാകുമെന്നും അത് യാഥാർത്ഥ്യമാകുകയാണെങ്കിൽ അത് എപ്പോഴാണെന്നതിനെക്കുറിച്ച് ജില്ലയിലെ ജനങ്ങൾക്ക് വലിയ ആശങ്ക ഉണ്ടായിരുന്നു. അത് അവസാനിച്ചത് കഴിഞ്ഞ മാസം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാസർഗോഡ് കിഫ്ബിയുടെ ഒരു അവലോകന യോഗത്തിൽ വന്നപ്പോഴാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് കിഫ്ബിയിൽ ഉൾപ്പെടുത്തി അതിന്റെ ബാക്കി നിർമ്മാണം നടത്തുമെന്ന് അന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിൽ വളരെയധികം സന്തോഷവും

ആഹ്ലാദവും ഉണ്ടാക്കിയ ഒരു പ്രഖ്യാപനമായിരുന്നു അത്. ഇന്ന് ഈ സബ്മിഷന്റെ ആവശ്യമില്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തെ ഞങ്ങൾ വിശ്വസിക്കുന്നു. ഈ സബ്മിഷന്റെ ആവശ്യമില്ലായെങ്കിലും ആ കാര്യം ഒന്നുകൂടി അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മാത്രമല്ല, മന്ത്രി പ്രഖ്യാപിച്ചെങ്കിലും ജനങ്ങൾ വിചാരിക്കും എം.എൽ.എ അതിന്റെ പുറകെ പോയില്ലായെന്ന്. എന്റെ മണ്ഡലത്തിലെ ജനങ്ങളുടെ അത്തരത്തിലുള്ള സംശയം ദൂരീകരിക്കുന്നതിനുംകൂടിയാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കാസർഗോട്ടെ ആ പ്രഖ്യാപനം ഒന്നുകൂടി ശക്തിപ്പെടുത്തുന്ന വിധത്തിൽ ഒരു പ്രഖ്യാപനം ഈ സഭയിൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പൂർവ്വാധികം ശക്തിയോടുകൂടിയാണ് പറയുന്നത്, കാസർഗോഡ് മെഡിക്കൽ കോളേജിന് കിഫ്ബിയിൽനിന്ന് പണം അനുവദിക്കും. മെഡിക്കൽ കോളേജിന്റെ പദ്ധതി തയ്യാറാക്കി കിഫ്ബിയുടെ ധനസഹായത്തിനുവേണ്ടി ആരോഗ്യവകുപ്പ് തീരുമാനമെടുത്ത് പദ്ധതി നിർവ്വഹണ ഏജൻസിയെ

നിയോഗിച്ച് സമർപ്പിച്ചാൽ ഉറപ്പായിട്ടും തരും. 2000 കോടി രൂപയാണ് പാക്കേജിൽ മെഡിക്കൽ കോളേജിന് അനുവദിച്ചത്. 2200-ൽപ്പരം കോടി രൂപയായി. പക്ഷേ എല്ലാ മെഡിക്കൽ കോളേജിനും മിതമായ രീതിയിൽ വേണമെന്നുള്ള ഡിമാന്റുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജുപോലെ ആകുമെന്ന് ധരിക്കരുത്. പക്ഷേ നിശ്ചയമായിട്ടും ചെയ്യും.

## (20) ആസ്തിവികസന ഫണ്ട്

<u>ശ്രീമതി യു. പ്രതിഭ</u>: സർ, അസറ്റ് ഫണ്ട് 5 കോടി രൂപയും എസ്.ഡി.എഫ് ഒരു കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. നാല് വർഷംകൊണ്ട് ഏകദേശം 30 കോടി രൂപയുടെ വർക്കുകളാണ് എം.എൽ.എ.-മാർക്ക് ഡയറക്ട് ചെയ്യാൻ കഴിയുന്നത്. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടാണ് ബാക്കി വരുന്നത്. എന്നാൽ ഈ പ്രവൃത്തികൾക്ക് വലിയ കാലതാമസമുണ്ടാകുന്നുണ്ട്. സമാനമായ പ്രശ്നം ഒരുപാട് പേർക്കുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബറിൽ കൊടുത്ത 17 പ്രവൃത്തികൾക്ക് ഇപ്പോൾ ഫോളോ അപ്പ് ചെയ്തപ്പോഴും എസ്റ്റിമേറ്റ് അണ്ടർ പ്രിപ്പറേഷൻ എന്നാണ് പറയുന്നത്. 2018-ലും ഇതുപോലെതന്നെയുള്ള സമാനമായ കാലതാമസമാണ് ഉണ്ടായത്. സ്കൂൾ

കെട്ടിടം ഇടിഞ്ഞുവീഴുന്നുവെന്ന് അറിഞ്ഞ് 50 ലക്ഷം രൂപ അടിയന്തരമായി കൊടുത്തു. 2019 ആയപ്പോൾ അത് പൂർത്തീകരിച്ചു. 3 വർഷമാണ് 50 ലക്ഷം രൂപയുടെ ഒരു കെട്ടിടം പൂർത്തീകരിക്കാനായി എടുത്തത്. ഉദ്ഘാടനത്തിന് തീയതി തീരുമാനിച്ചപ്പോഴാണ് വൈദ്യുതീകരണത്തിന് യാതൊരു പ്രൊവിഷനും വച്ചിട്ടില്ലെന്ന് അറിയുന്നത്. ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിൽനിന്ന് വലിയതരത്തിലുള്ള കാലതാമസം ഉണ്ടാകുന്നുണ്ട്. അതുപോലെതന്നെ അസറ്റ് ഫണ്ടും എസ്.ഡി.എഫ്.-ഉം ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യുമ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള ഒരു തീയതി സമയബന്ധിതമായി നൽകണം. അതുപോലെതന്നെ 10 ലക്ഷം രൂപയുടെ വർക്കിന് കംപ്ലീഷൻ ഡേറ്റ് ഇടുന്നത് 150 ദിവസമെന്നാണ്. 50 ലക്ഷം രൂപയുടെ വർക്കിനും ഡേറ്റ് ഓഫ് കംപ്ലീഷൻ ഇടുന്നത് 150 ദിവസമെന്നാണ്. ഇത്തരത്തിലുള്ള വലിയ പ്രതിസന്ധികൾ ഈ വർക്ക് തീർക്കുന്നതിലും വരുന്നുണ്ട്. ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയാണെങ്കിലും പൊതുമരാമത്ത് വകുപ്പുമന്ത്രിയാണെങ്കിലും അവരുടെ ഡിപ്പാർട്ടുമെന്റുകളെ കൃത്യമായി കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ താഴെത്തട്ടിലിരിക്കുന്ന ഉദ്യോഗസ്ഥർ ഗവൺമെന്റിനെയും എം.എൽ.എ.-മാരെയും ഇത്തരം

പ്രവർത്തനങ്ങളെയും അപമാനിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുന്നു. കൃത്യമായി ഇതിൽ ഇടപെടണം. കളക്ടർമാർക്കൊരു ചുമതല കൊടുക്കണം. അവർ അതിൽ ഇടപെടില്ല, അവർക്കാണല്ലോ എം.എൽ.എ. വർക്കിന്റെയൊക്കെ പൂർണ്ണമായ ചുമതല വരുന്നത്. പലപ്പോഴും ഫിനാൻസ് ഓഫീസർമാർ അവരെക്കൊണ്ട് കഴിയാവുന്ന പ്രശ്നങ്ങൾ അവരും ഉണ്ടാക്കുന്നു. ഈയൊരു കാലതാമസം മാറ്റുന്നതിനുവേണ്ടി എം.എൽ.എ.-മാരുടെ അസറ്റ് വർക്കുകൾ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ശക്തമായ ഇടപെടൽ അങ്ങ് നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുകയാണ്. മറ്റൊരുപാട് കാര്യങ്ങളുണ്ട്. എം.എൽ.എ.-മാർക്ക് നൽകുന്ന ഫണ്ട് ഇന്ന പ്രവൃത്തികൾക്ക്, ഇന്നതിനെ ചെയ്യാവൂ എന്ന മാനദണ്ഡങ്ങൾ വച്ചാണ് അനുവദിക്കുന്നത്. ആ മാനദണ്ഡങ്ങൾവച്ച് വളരെ കുറച്ച് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ, 2016-ലെ ചില വർക്കുകൾ നാല് വർഷംകൊണ്ടുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പി.ഡബ്ല്യൂ.ഡി. യുടെയും എൽ.എസ്.ജി.ഡി.-യുടെയും റേറ്റുകൾ തമ്മിൽ വ്യത്യസ്തമാണ്. 25 ലക്ഷം രൂപയുടെ ഒരു വർക്ക് ടെണ്ടർ ചെയ്താൽ പലപ്പോഴും പല കോൺട്രാക്ടേഴ്സും വന്ന് വർക്ക് എടുക്കുന്നില്ല. ഇതൊന്നും ജനങ്ങൾ

അറിയാത്തതുകൊണ്ട് പല തരത്തിലുള്ള പരാമർശങ്ങൾ ജനപ്രതിനിധികൾ കേൾക്കേണ്ടിവരുന്നുണ്ട്. ഇതിന് തീർച്ചയായും കൃത്യമായൊരു മോണിറ്ററിംഗ് സംവിധാനം ജില്ലാതലത്തിൽ ഉണ്ടാകണം. 14 ജില്ലയ്ക്കും ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയറെന്ന നിലയിൽ എം.എൽ.എ.-മാരുടെ വർക്കുകൾ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള ഏതെങ്കിലുമൊരു എഞ്ചിനീയറെ ചുമതലപ്പെടുത്തിയാൽ കുറച്ചുകൂടി നന്നായിരിക്കുമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭിപ്രായപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മൾ പല തവണ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ള ഗൗരവമായ പ്രശ്നമാണിത്. നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെയും ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്തതിന്റെയും അടിസ്ഥാനത്തിൽ ഒരു കോടി രൂപയിൽ താഴെയുള്ള പ്രവർത്തികൾക്കെല്ലാം ജില്ലാതലത്തിൽ ആണ് ഭരണാനുമതിയും ടെക്നിക്കൽ സാംഗ്ഷനും നൽകേണ്ടത് എന്ന തീരുമാനമെടുത്തു. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവർത്തികൾക്കുമാത്രമേ ഫിനാൻസ്

ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേക അനുവാദം ആവശ്യമുള്ളൂ. ഈ വർക്കുകൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് വലിയ താമസം വരുന്നുവെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത്. ധാരാളം വർക്കുകൾ നടക്കുന്നതുകൊണ്ടും ആകാം അങ്ങനെ സംഭവിക്കുന്നത്. സർക്കാർ ഇറക്കിയിട്ടുള്ള മുഴുവൻ ഉത്തരവുകളുടെയും ദീർഘമായ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ട്. അത് വയ്ക്കുന്നു, ആവശ്യമുള്ളവർക്ക് വായിച്ചു നോക്കാം. എസ്റ്റിമേറ്റ് ചെയ്യുന്നത് സ്പീഡപ്പ് ചെയ്യാൻ ഒരു പ്രത്യേക സംവിധാനം വേണമെന്നും ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറാക്കി വയ്ക്കണമെന്നുമാണ്.

<u>മി. സ്പീക്കർ</u>: ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് ജില്ലാ കളക്ടർമാരോട് നമ്മൾ ആവശ്യപ്പെട്ടിരുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരു മോണിറ്ററിംഗ് സെൽ ജില്ലകളിൽ രൂപീകരിക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞു. ആ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ച് കളക്ടർമാരോട് കൂടി ചർച്ച ചെയ്ത ശേഷം തീരുമാനമെടുക്കാം.

<u>മി. സ്പീക്കർ</u>: പത്ത് ലക്ഷം രൂപയുടെ പ്രവൃത്തികളുടെയും ഒരു കോടി

രൂപയുടെ പ്രവൃത്തികളുടെയും കംപ്ലീഷൻ ഡേറ്റ് 150 ദിവസം ആയിരിക്കണമെന്ന് നിർബന്ധമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആ പ്രശ്നം പരിഹരിക്കാം.

(21) വിലനിർണ്ണയം

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ സംസ്ഥാനത്തെ വിവിധങ്ങളായ വികസന പദ്ധതികൾക്കും ഭൂരഹിതരായ ആളുകൾക്ക് ഗവൺമെന്റ് നൽകിയിട്ടുള്ള ഭൂമിയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മരങ്ങൾ വലിയ തടസ്സമായി നിൽക്കുകയാണ്. സോഷ്യൽ ഫോറസ്ട്രി മരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വില വളരെ ഉയർന്ന തോതിൽ നിലനിൽക്കുന്ന സാഹചര്യം കാരണം മരങ്ങൾ ലേലത്തിൽ പോകാത്ത സ്ഥിതിവിശേഷമുണ്ട്. പഞ്ഞിമരത്തിന് പോലും പതിനായിരം രൂപയാണ് സോഷ്യൽ ഫോറസ്ട്രി വില നിശ്ചയിക്കുന്നത്. സ്വാഭാവികമായും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകി ഗുണഭോക്താവിനെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് സർക്കാർ നൽകിയിട്ടുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഈ മരങ്ങൾ മുറിച്ചുമാറ്റിയാൽ മാത്രമെ സാധിക്കൂ. മൂവാറ്റുപുഴ വില്ലേജ് ഉൾപ്പെടെ കേരളത്തിന്റെ

നാനാമേഖലകളിൽ ആയിരക്കണക്കിനുള്ള ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്കും ഭൂരഹിതരായതിനാൽ ഭൂമി ലഭിച്ച ആളുകളുടെ ഭൂമിയിലും സർക്കാരിന്റെ പൊതുവായ വികസന പദ്ധതികളിലുൾപ്പെടുന്ന ഭൂമിയിലും നിലനിൽക്കുന്ന മരങ്ങൾ ലേലം ചെയ്യുന്ന ഘട്ടത്തിൽ അവ ലേലത്തിലെടുക്കാൻ ആരും തയ്യാറാകുന്നില്ല. ടെണ്ടറും റീ-ടെണ്ടറും ചെയ്താലും വില ഒരുതരത്തിലും പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് വലിയ പ്രതിസന്ധി രൂപപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട വകുപ്പിലെ ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥനോ ആയതിലുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ ഡെലിഗേഷൻ ഓഫ് പവേഴ്സ് ബന്ധപ്പെട്ട വകുപ്പിൽ തയ്യാറാക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

പട്ടയ ഭൂമിയിലെയും പുറമ്പോക്കിലെയും മിച്ച ഭൂമിയിലെയും ഉണങ്ങിയതും വീണ് കിടക്കുന്നതും അപകടഭീഷണി ഉള്ളതുമായ മരങ്ങൾ ലേലം ചെയ്യുന്നതിന് റവന്യൂ വകുപ്പ് 05.07.2019-ലെ സർക്കാർ ഉത്തരവ് 1808/19/റവന്യൂ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പട്ടയ ഭൂമിയിലോ പുറമ്പോക്ക് ഭൂമിയിലോ മിച്ച ഭൂമിയിലോ നിൽക്കുന്ന ഉണങ്ങിയതും കേടുവന്നതുമായ മരങ്ങൾ നിലവിലെ സീനിയറേജ് പ്രകാരമുള്ള പൊതുവായ വിലയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതും ആയത് സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതുമായ സാഹചര്യത്തിൽ മേൽപ്പടി മരങ്ങൾക്ക് നിശ്ചിത വിലയേക്കാൾ കുറഞ്ഞ വിലയാണ് ലേലത്തിൽ ലഭിക്കുന്നതെങ്കിൽ പുനർ ലേലം നടത്തിയാലും മെച്ചപ്പെട്ട വില ലഭിക്കില്ല എന്ന ബോധ്യമായാൽ ലഭിക്കുന്ന പരമാവധി വിലയ്ക്ക് അവ ലേലം നടത്താൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.